1-T

പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

30.06.2015 -ലെ മറുപടിയ്ക്ക്
(പുതുക്കിയ തീയതി)

നിയമസഭാ ചോദ്യം നമ്പർ. 925

## സ്കിൽ ഡെവലപ്പ്മെന്റ്

ചോദ്യം

ശ്രീ.ജോസഫ് വാഴയ്ക്കൻ
ശ്രീ.വർക്കല കഹാർ
ശ്രീ.പി.എ.മാധവൻ
ശ്രീ.സി.പി.മുഹമ്മദ്

ഉത്തരം

ഷിബു ബേബി ജോൺ
(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി സ്കിൽ ഡെവലപ്പ്മെന്റ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ;

(എ) ഉണ്ട്.

(ബി) എങ്കിൽ സ്കിൽ ഡെവലപ്പ്മെന്റുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാനും സമയബന്ധിതമായി നടപ്പാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) <u>നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്.</u>

നടപ്പു സാമ്പത്തിക വർഷം എംപ്ലോയബിലിറ്റി സെന്റർ പദ്ധതിക്കായി ബഡ്ജറ്റിൽ 4.19 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് മലപ്പുറം, കാസർഗോഡ് ജില്ലകളിൽ പുതുതായി എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും നിലവിലുള്ള 7 സെന്ററുകളിൽ HRD പ്രവർത്തനം നടത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

<u>വ്യാവസായിക പരിശീലന വകുപ്പ്</u>

i)തെരഞ്ഞെടുക്കപ്പെട്ട 10 സർക്കാർ ഐ.ടി.ഐകളായ വനിത കഴക്കൂട്ടം, ആറ്റിങ്ങൽ, ചെന്നീർക്കര, ചെങ്ങന്നൂർ, കളമശ്ശേരി, വനിത ചാലക്കുടി, കോഴിക്കോട്, അരീക്കോട്, കൽപ്പറ്റ, കണ്ണൂർ. എന്നീ സ്ഥാപനങ്ങൾക്ക് 2014-15 വർഷം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുവാൻ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുകയും ആയതുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ ഒരു നോഡൽ ഓഫീസറെ നിയമിച്ച് കൺസൾട്ടന്റ്, സർട്ടിഫൈയിംഗ് ഏജൻസി എന്നിവരെ ടെൻഡർ മുഖാന്തിരം തെരെഞ്ഞെടുത്ത് തുടർ നടപടികൾ സ്വീകരിക്കുകയും പ്രസ്തുത 10 ഐ.ടി.ഐകൾക്കും ഐ,എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. 2015-16 വർഷം 10 ഐ.ടി.ഐകൾക്കു കൂടി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ii)എല്ലാ സർക്കാർ ഐ.ടി.ഐകളിലേക്കും പരിശീലനാർത്ഥികൾക്ക് ആഴ്ചയിൽ 3 ദിവസം ഒരു ഗ്ലാസ്സ് പാലും ഒരു മുട്ടയും വീതം നൽകിക്കൊണ്ടുള്ള

പോഷകാഹാര പദ്ധതി സംസ്ഥാനത്തെ 77 സർക്കാർ ഐ.ടി.ഐ കളിൽ നടപ്പിലാക്കി. 2015-16 സാമ്പത്തിക വർഷം ഈ പദ്ധതി തുടരുന്നതിനുള്ള നടപടി വകുപ്പിൽ സ്വീകരിച്ച് വരുന്നു.

iii) കേരള സ്റ്റേറ്റ് വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (റഗുലേഷൻ) ബിൽ 2014-ന്റെ കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

iv) കോഴിക്കോട് ജില്ലയിലെ നഗരം വില്ലേജിലും കൊടുവള്ളി ഗ്രാമപഞ്ചായത്തിലും സ്ഥലങ്ങൾ റസിഡൻഷ്യൽ ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി പരിഗണിച്ചിരുന്നു. എന്നാൽ സ്ഥലം ലഭ്യമാകാത്തതിനെ തുടർന്ന് ഐ.ടി.ഐ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.

v) ആദ്യഘട്ടമായി ഡിജിറ്റൽ ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റം ട്രെയിനിംഗ് ഡയറക്ടറേറ്റിൽ ഭാഗീകമായി TSP ആയ മെ. സിഡ്കോയുമായി ചേർന്ന് നടപ്പിലാക്കി വരുന്നു.

vi) ITOT ആരംഭിക്കുന്നതിനുള്ള ശുപാർശ നൽകിയിരുന്നെങ്കിലും ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ആയത് പരിഗണിച്ചില്ല. പ്രസ്തുത സാഹചര്യത്തിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയില്ല.

<u>കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്</u>

ഇന്റർ നാഷണൽ സ്കിൽസ് പാർക്ക് തുടങ്ങുന്നതിനായി അങ്കമാലിയിലെ ഇൻകലിൽ കെട്ടിടം lease വ്യവസ്ഥയിൽ എടുത്തിട്ടുണ്ട്. ഇവിടെ ഓയിൽ & റിഗ്, മൾട്ടിസ്കിൽ, സെക്യൂരിറ്റി തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി പങ്കാളികളെ കണ്ടെത്തുകയും ധാരണാപത്രത്തിൽ ഒപ്പ് വയ്ക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. കൗശലകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (ഐ.ഐ.ഐ.സി) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞു. നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രം തുടങ്ങുന്നതിനു പങ്കാളിയെ കണ്ടെത്തി ധാരാണാ പത്രത്തിൽ ഒപ്പുവെക്കുകയും തിരുവനന്തപുരം കിൻഫ്രയിൽ കെട്ടിടം എടുക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയും ചെയ്യുന്നു. ആദ്യ ബാച്ചിന്റെ പരിശീലനം ഉടൻ തന്നെ ആരംഭിക്കുന്നതാണ്. ഏവിയേഷൻ അക്കാദമി സ്ഥാപിക്കുന്നതിന് പങ്കാളിയെ കണ്ടെത്തുകയും തിരുവനന്തപുരം ടെക്നോസിറ്റിയിൽ 5 ഏക്കർ സ്ഥലം മാറ്റി വയ്ക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയും ചെയ്യുന്നു. കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു.

Sreekala

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്